**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5273** **05-07-2024 - ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പഴം, പച്ചക്കറി, മറ്റ് ഭക്ഷ്യ ഉല്പന്നങ്ങൾ എന്നിവയിൽ വ്യാപകമായി കീടനാശിനികൾ ഉപയോഗിക്കുന്നത് മൂലം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പഴം പച്ചക്കറികൾ എന്നിവയുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ ലാബുകളിൽ പരിശോധിക്കുകയും ഇവയിലുള്ള കീടനാശിനിയുടെ സാന്നിധ്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു. ജൈവ കാർഷിക മിഷന്റെ ഭാഗമായി അമിത രാസകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നുമുണ്ട്. |
| (ബി) | എങ്കിൽ ജൈവസാങ്കേതിക വിദ്യയിലൂന്നിയ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിന് പോഷക സമൃദ്ധിമിഷന്റെ ജൈവ കാർഷികമിഷൻ, ഞങ്ങളും കൃഷിയിലേയ്ക്ക് എന്നിവയും നടപ്പിലാക്കി വരുന്നു. ജൈവകൃഷിയ്ക്ക് ഉതകുന്ന ഒരു പാക്കേജ് / പ്രോട്ടോക്കോൾ കേരള കാർഷിക സർവ്വകലാശാല 2016-ൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സസ്യ പരിപാലനത്തിനും സസ്യസംരക്ഷണത്തിനുമായി ജൈവസാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതോടൊപ്പം ജൈവസസ്യ സംരക്ഷണോപാധികളായ മിത്രാണുക്കൾ, എതിർപ്രാണികൾ എന്നിവ ഉത്പാദിപ്പിച്ച് കർഷകരിലേയ്ക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളും പരിശീലനങ്ങളും നടപ്പിലാക്കി വരുന്നു. |
| (സി) | കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതോടെ സാങ്കേതിക വിദ്യയിലധിഷ്ഠിതമായും കൂടുതൽ കാര്യക്ഷമമായും വിജ്ഞാപനവ്യാപന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ